പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.T3773 — 20.10.2016-ൽ മറുപടിക്ക്

## നദികളിൽ നിന്നുമുള്ള മണലെടുപ്പ്

ചോദ്യം

ശ്രീ.എം. രാജഗോപാലൻ

ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ നദികളിൽ നിന്നുമുള്ള മണലെടുപ്പ് സ്വകാര്യ/സഹകരണ/ബിനാമി ഏജൻസികളെ ഒഴിവാക്കി സർക്കാർ നിയന്ത്രണത്തിൽ ഏറ്റെടുക്കാൻ നടപടികൾ സ്വീകരിക്കുമോ; | (എ) | പാരിസ്ഥികാനുമതി ലഭിക്കാത്തതിനാൽ ഈ ജില്ലയിൽ നദികളിൽ നിന്നുള്ള മണലെടുപ്പ് നിറുത്തി വച്ചിരിക്കുകയാണ്. മുൻപ് ഓൺലൈൻ സംവിധാനം വഴി മണൽ വിതരണം നടത്തിയിരുന്നതിനാൽ മണൽ മാഫിയയുടെ ചൂഷണം പൂർണ്ണമായും അവസാനിച്ചിരുന്നു. ജില്ലയിൽ നദികളിൽ നിന്നുള്ള മണലെടുപ്പ് സ്വകാര്യ/സഹകരണ/ബിനാമി ഏജൻസികളെ ഒഴിവാക്കി കൊണ്ടാണ് നടത്തിയിരുന്നത്. കേരള നദീതീര സംരക്ഷണവും മണൽ നിയന്ത്രണവും ആക്ട് അനുസരിച്ച് കടവ് കമ്മിറ്റിയാണ് നദികളിൽ നിന്നുള്ള മണലെടുപ്പ് നിരീക്ഷിക്കുന്നത്. ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാ വിദഗ്ധ സമിതിയുടെ മേൽ നോട്ടത്തിലാണ് കടവ് കമ്മിറ്റികൾ പ്രവർത്തിക്കുന്നത്. |
| (ബി) | മാഫിയവത്ക്കരണം വ്യാപകമായി നടക്കുന്ന മണലെടുപ്പ് മൂലം പരിസരവാസികൾക്കും പോലീസ്, റവന്യൂ ഉദ്യോഗസ്ഥന്മാർക്കും നേരെ ഉണ്ടായ അക്രമങ്ങൾ മുൻനിർത്തി സുതാര്യമായ രീതിയിൽ തൊഴിലാളികളുടെ തൊഴിൽ സംരക്ഷിച്ചും, ഇടത്തട്ടുകാരെ ഒഴിവാക്കിയും | (ബി) യും (സി) യും | നദികളിൽ നിന്നും അനിയന്ത്രിതമായി മണൽ വാരുന്നത് തടയുന്നതിനും, സുതാര്യമായ രീതിയിൽ മണൽ വാരൽ നടപ്പാക്കുന്നതിനും വേണ്ടിയാണ് 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്ട് കൊണ്ടു വന്നിട്ടുള്ളത്. ഇതിന്റെ ഭാഗമായി കേരളത്തിലുള്ള |

| | | |
|---|---|---|
| | പദ്ധതി ആസൂത്രണം ചെയ്യാൻ നടപടികൾ ഉണ്ടാകുമോ; | 20 നദികളിൽ സാന്റ് ഓഡിറ്റിംഗ് നടത്തുവാൻ തീരുമാനിക്കുകയും നിലവിൽ 18 നദികളുടെ സാന്റ് ഓഡിറ്റിംഗ് പൂർത്തിയാക്കിയിട്ടുള്ളതുമാണ്. നിലവിലെ സംവിധാനം സുതാര്യമായാണ് നടപ്പിലാക്കി വരുന്നത്. കടവുകൾ ലേലം ചെയ്ത് നൽകി സർക്കാർ മണൽ വിൽപ്പനയിൽ ഇടപെടൽ നടത്തി വരുന്നു. മണൽ മാഫിയാ സംഘങ്ങളെ നിയന്ത്രിക്കുന്നതിന് റവന്യൂ, പോലീസ് വകുപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഈ മേഖലയിലെ ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിനും നിർമ്മാണ മേഖലയ്ക്കും പൊതുജനങ്ങൾക്കും മണലിന്റെ ലഭ്യത ഉറപ്പു വരുത്തുന്നതിനുമായി മണൽ സംഭരണവും വിൽപ്പനയും സാധ്യമാക്കുന്നതിനായി വിവിധ വകുപ്പുകളുടെ മേധാവികളെ വിളിച്ച് ചേർത്ത് ആവശ്യമായ കൂടിയാലോചനകൾ നടത്തി വിശദമായ റിപ്പോർട്ട് തയ്യാറാക്കുവാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം ചർച്ച ചെയ്ത് അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (സി) | അനിയന്ത്രിതമായ മണലെടുപ്പ് മൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നം പരിഹരിക്കാനും ബിനാമികളെയും, മാഫിയകളെയും ഒഴിവാക്കി തൊഴിൽ സുരക്ഷിതത്വവും സർക്കാരിലേക്ക് വരുമാനവുമുണ്ടാക്കാൻ ഈ പദ്ധതി നടപ്പിൽ വരുത്തുമോ; വിശദമാക്കാമോ? | |

**സെക്ഷൻ ഓഫീസർ**